# ജി.വി.എച്ച്.എസ്.എസ് എടയന്നൂർ

എടയന്നൂർ പി.ഒ കണ്ണൂർ ജില്ല 670595

# ACADEMIC MASTER PLAN

## 2025 - 26

# സാമൂഹ്യശാസ്ത്രം (HS വിഭാഗം)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പൊതുവിജ്ഞാനം നേടൽ | എല്ലാ ക്ലാസുകളിലും പത്രം ലഭ്യമാക്കുകയും വാർത്തകൾ സംബന്ധിച്ച ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | അധ്യയന വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | പിടിഎ |
| 2 | ജനാധിപത്യ ബോധം വളർത്തൽ തെരഞ്ഞെടുപ്പ് രീതി മനസ്സിലാക്കൽ | മോക് പാർലമെൻറ് സംഘടിപ്പിക്കുന്നു. സ്കൂൾ പാർലമെൻറ് ഇലക്ഷൻ നടത്തുന്നു. തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുന്നു | വർഷത്തിൽ ഒരുതവണ നിശ്ചിത തീയതിയിൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, എസ് ആർ ജി | .......... |
| 3 | സാമൂഹ്യബോധം വളർത്തൽ | സ്കൂളും പരിസരവും മാലിന്യ നിർമ്മാജനം ആക്കുന്നതിന് ഭാഗമായി **എന്റെ വിദ്യാലയം മാലിന്യരഹിത ഹരിത വിദ്യാലയം** എന്ന വിഷയത്തിൽ പ്രോജക്ട് തയ്യാറാക്കൽ സെമിനാർ സംഘടിപ്പിക്കൽ | ജൂൺ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, എസ് ആർ ജി | .......... |
| 4 | സാമൂഹ്യശാസ്ത്ര ലാബ് വിപുലമാക്കൽ | പുരാവസ്തുക്കൾ ശേഖരിക്കൽ പഠനോപകരണങ്ങളുടെ നിർമ്മാണം ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു | ജൂലൈ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സബ്ജക്ട് കൗൺസിൽ അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 5 | ചരിത്രബോധം സൃഷ്ടിക്കൽ | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സബ്ജക്ട് കൗൺസിൽ അധ്യാപകർ | പിടിഎ |
| 6 | ഭൂപട വായന പരിശീലിക്കൽ സ്ഥലനിർണയവും സമയനിർണയവും നടത്താൻ പ്രാപ്തരാക്കൽ | ഗ്ലോബ്, മാപ്പ്, **അറ്റ്ലസ്** ICT എന്നിവയുടെ സഹായത്തോടെ ഭൂപട വായന പരിശീലിപ്പിക്കുന്നു അക്ഷാംശ രേഖാംശ രേഖകൾ പരിചയപ്പെടുത്തുന്നു | അധ്യയന വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7 | ഓരോ ദിനങ്ങളുടെയും അന്തസത്ത ഉൾക്കൊള്ളാൻ പ്രാപ്തരാക്കുന്നു | വിവിധ ദിനാചരണങ്ങൾ അനുബന്ധിച്ച് വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സബ്ജക്ട് കൗൺസിൽ അധ്യാപകർ | |
| 8 | മതേതരത്വം വളർത്തൽ | ചർച്ചകൾ ക്ലാസുകൾ സംവാദങ്ങൾ സംഘടിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 9 | ലഹരി നിർമാർജനം | ബോധവൽക്കരണ ക്ലാസുകൾ, പോസ്റ്റർ നിർമ്മാണം, റീൽസ് നിർമ്മാണം | ആഗസ്റ്റ് സെപ്തംബർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സബ്ജക്ട് കൗൺസിൽ അധ്യാപകർ | |
| 10 | ട്രാഫിക് നിയമങ്ങളുടെ ബോധവൽക്കരണം | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോ പ്രദർശനം, | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, എസ് ആർ ജി | പിടിഎ |
| 11 | പ്രകൃതിദുരന്തങ്ങൾ ബോധവൽക്കരണം | ദുരന്ത സ്ഥലങ്ങൾ സന്ദർശിക്കൽ ഡോക്യുമെന്ററി നിർമ്മാണം | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, എസ് ആർ ജി | പിടിഎ |

# ENGLISH (HS)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് അസംബ്ലി, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ,ഇംഗ്ലീഷ് ലൈബ്രറി സജീകരണം (ക്ലാസ് റൂം പ്രവർത്തനത്തോടൊപ്പം ) | അധ്യയന വർഷം മുഴുവൻ | ഇംഗ്ലീഷ് ക്ലബ്ബ് അധ്യാപകർ SRG | .......... |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | പ്രൊഫൈൽ /സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില പ്രസക്തഭാഗങ്ങൾ പ്രദർശിപ്പിക്കൽ പോഡ്കാസ്റ്റ് തയ്യാറാക്കൽ (ക്ലാസ് പ്രവർത്തനത്തോടൊപ്പം ) Role Play (ശനിയാഴ്ചകളിൽ ) | വർഷത്തിൽ ഒരുതവണ നിശ്ചിത തീയതിയിൽ | ഇംഗ്ലീഷ് ക്ലബ്ബ് അധ്യാപകർ SRG | .......... |
| 3 | സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജരാക്കുക | സ്റ്റോറി ടെല്ലിങ് ,ന്യൂസ് പേപ്പർ റീഡിങ് ,വേർഡ് ബിൽഡിംഗ്, മൈ ഡയറി, ന്യൂസ് റീഡിങ്ങ് കോമ്പറ്റീഷൻ (class room Activity) | അധ്യയന വർഷം മുഴുവൻ | ഇംഗ്ലീഷ് ക്ലബ്ബ് അധ്യാപകർ SRG | .......... |
| 4 | നാടകീരണം | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു (ക്ലാസ് റൂം പ്രവർത്തനം) | അധ്യയന വർഷം മുഴുവൻ | അധ്യാപകർ SRG | .......... |
| 5 | കവിതാരചനയ്ക്കും കവിത ആലാപനത്തിനും പ്രാപ്തരാക്കുക | ഇംഗ്ലീഷ് പോയെട്രിയുടെ ഓഡിയോ കേൾക്കാനുള്ള അവസരം, ബുക്കുകളുടെ റിവ്യൂ, മാഗസിൻ നിർമ്മാണം | വെക്കേഷൻ | ഇംഗ്ലീഷ് ക്ലബ്ബ് അധ്യാപകർ SRG | .......... |
| 6 | സാങ്കേതികവിദ്യ സാധ്യതകൾ ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തൽ | പ്രശസ്തരായ എഴുത്തുകാർ, വിവിധ മേഖലയിൽ പ്രശസ്തരായിട്ടുള്ള വ്യക്തികളുമായിട്ടുള്ള ഇൻറർവ്യൂ (വേക്കേഷൻ) | നിശ്ചിത തീയതിയിൽ | ഇംഗ്ലീഷ് ക്ലബ്ബ് അധ്യാപകർ SRG | |
| 7 | സംവാദ സദസ്സുകൾ സംഘടിപ്പിക്കൽ | നേറ്റീവ് സ്പീക്കർസുമായി സമയം ചെലവഴിക്കാനുള്ള അവസരം (അക്കാദമിക വർഷം) | നിശ്ചിത തീയതിയിൽ | ഇംഗ്ലീഷ് ക്ലബ്ബ് അധ്യാപകർ SRG | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 ഗണിതം HS

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ആശയം ഉറപ്പിക്കൽ . | ക്ലാസ് തല പ്രവർത്തനങ്ങളിലൂടെ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെകണ്ടെത്തി ആശയരൂപീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു | അക്കാദമിക വർഷം- ജൂൺ- | ഗണിത അധ്യാപകർ | |
| 2 | രസകരമായ ഗണിത പഠനത്തിലൂടെ ഗണിതാഭിരുചി വർധിപ്പിക്കൽ | ക്ലബ് രൂപീകരണം, | ജൂൺ | ഗണിത അധ്യാപകർ | |
| 3 | രസകരമായ ഗണിത പഠനത്തിലൂടെ ഗണിതാഭിരുചി വർധിപ്പിക്കൽ.<br>ക്ലബ് പ്രവർത്തനം. | **ക്ലബ് പ്രവർത്തനം.**<br><br>*ഗണിത ദിനാചരണവുമായി ബന്ധപ്പെട്ട് ശാസ്ത്രജ്ഞന്മാരുടെ സംഭാവനകളുടെ പ്രെസന്റേഷൻ, ക്വിസ്സ് മത്സരങ്ങൾ ,പസ്സിൽ നിർമ്മാണം .<br>*ശാസ്ത്ര മേളയ്ക്ക് മുന്നോടിയായി ശിൽപശാലകൾ സംഘടിപ്പിക്കുന്നു .<br>*ഗണിത മത്സരങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കൽ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധതരം മത്സരങ്ങൾ<br>(ക്വിസ്സ് മത്സരങ്ങൾ ,ജോമേടിക്കൽ ചാർട്ട് ,നമ്പർ ചാർട്ട് നിർമ്മാണവും,models നിർമ്മാണവും<br>*പ്രോജെക്ട് നിർമ്മാണവും അവതരണവും . | ജൂൺ- ഫെബ്രുവരി | ഗണിത അധ്യാപകർ ,ഗണിത ക്ലബ്ബ് | |
| 4 | ഗണിത പഠനം സുഗമമാക്കാൻ | **ഗണിത ലാബ്**<br>സ്കൂളിൽ ഒരു ഗണിതലാബ് ഗണിതപഠനം എളുപ്പമാക്കാൻ പഠന ഉപകരണകൾ ശേഖരണം ക്രമീകരണവും | അക്കാദമിക വർഷം | ഗണിത അധ്യാപകർ ,ഗണിത ക്ലബ്ബ് | |
| 5 | ഗണിത മൂല - പ്രകൃതിയിലെ ഗണിതം | **ഗണിത മൂല**<br>ഗണിതാഭിരുചി വർധിപ്പിക്കുന്നതിനായി - പ്രകൃതിയിലെ ഗണിത ജിയാമിതിയ രൂപങ്ങൾ നിർമ്മാണം | അക്കാദമിക വർഷം | ഗണിത അധ്യാപകർ ,ഗണിത ക്ലബ്ബ് | |
| 6 | അടിസ്ഥാന ആശയം ഉറപ്പിക്കൽ .ഗണിത ക്ലിനിക്ക് | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അദ്ധ്യാപകരും ക്ലബിലെ മികച്ച കുട്ടികളും പ്രേത്യക പരിശീലനം നൽകുന്നു | ആഴചയിൽ രണ്ട് ദിവസം | ഗണിത അധ്യാപകർ , സമർത്ഥരാ | |

| | | | | | |
|---|---|---|---|---|---|
| | | | | യ വിദ്യാർത്ഥികൾ | |
| 7 | ഗണിതം നിത്യജീവിതത്തിൽ | **ഗണിതം നിത്യജീവിതത്തിൽ**<br>ഗണിതം നിത്യജീവിതത്തിൽ എങ്ങനെ ബന്ധപ്പെടുന്നു എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഡിബേറ്റ് ,& സെമിനാർ | ഒക്ടോബർ | ഗണിത ക്ലബ്ബ് | |
| 8 | ഗണിതത്തിൽ കുട്ടികളുടെ സൃഷ്ടികൾ കണ്ടെത്തൽ | **ഗണിതമാഗസിൻ**<br>*ഗ്രൂപ്പ് അടിസ്ഥാനത്തി മാഗസിൻ നിർമ്മാണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു ഗണിതത്തിൽ കുട്ടികളുടെ സൃഷ്ടികൾ കണ്ടെത്തൽ | ജൂലൈ-ഡിസംബർ | ഗണിത ക്ലബ്ബ് | |
| 9 | IT സാധ്യതകൾ ഗണിതപഠനത്തിൽ | ***ജിയോജിബ്ര പരിശീലനം** | മാസത്തിൽ ഒരു ദിവസം | ഗണിത അധ്യാപകർ ,ഗണിത ക്ലബ്ബ് | |
| 10 | രക്ഷിതാക്കൾക്കുള്ള ബോധവതരണം | Class PTA | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |
| 11 | വിജയവീഥി | *വിവിധതരം മത്സരപരീക്ഷകളെ അടിസ്ഥനമാക്കിയുള്ള പ്രത്യക ക്ലാസ്സുകൾ :<br>(യൂ എസ്സ് എസ്സ് ,എൻ എം എം എസ് , ടാലന്റ് സെർച്ച് എക്സാം) | ജൂലൈ-ഫെബ്രുവരി | ഗണിത അധ്യാപകർ | |
| 12 | മുന്നൊരുക്കം | **മുന്നൊരുക്കം :**<br>പത്താംതരം കുട്ടികൾക്ക് പൊതുപരീക്ഷയെ അടിസ്ഥനമാക്കി പ്രത്യക ക്ലാസ്സുകൾ ,പരീക്ഷ പരിശീലനം ,പുതിയ രീതിയിലുള്ള ചോദ്യങ്ങൾ പരിചയപെടുത്തൽ | ജനുവരി-ഫെബ്രുവരി | ഗണിത അധ്യാപകർ | |
| | | | | | |

# ഉപമേഖല – ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | 1.ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br>2.സ്കൂൾ തല സയൻസ് എക്സിബിഷൻ<br>3.ഗവേഷണ പ്രൊജക്ട് ഏറ്റെടുത്തുള്ള പഠനം | വർഷത്തിൽ ഒരു തവണ<br>വർഷത്തിൽ ഒരു തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | പി ടി എ<br>-<br>പി ടി എ |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പരിശീലനവും പ്രോത്സാഹനവും നൽകൽ | വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | - |
| 3.പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി,കുട്ടി-കുട്ടി (peer group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | എസ് ആർ ജി സയൻസ് ക്ലബ്ബ് | - |
| 4.ശാസ്ത്രമാസിക,ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ,ലേഖനങ്ങൾ,കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക,ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | എസ് ആർ ജി സയൻസ് ക്ലബ്ബ് | - |
| 5.മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കൽ | 1 ആഴ്ച | എസ് ആർ ജി സയൻസ് ക്ലബ്ബ് | പി ടി എ |
| 6.ശാസ്ത്ര ലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി,ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ | സയൻസ് ടീച്ചേഴസ്, സയൻസ് ക്ലബ്ബ് അംഗങ്ങൾ | - |

# മലയാളം (HS വിഭാഗം)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ഭാഷാപരിചയം | അക്ഷരം ഉറപ്പിക്കൽ അക്ഷര കാർഡ് നൽകൽ വാക്കുകൾ നിർമിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ ചിത്രം വരച്ച് എഴുതൽ ചിത്രം നോക്കി കുറിപ്പ് തയ്യാറാക്കൽ ചിത്രങ്ങൾ നോക്കി കഥപറയലും എഴുതലും ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ ജൂലൈ ആഗസ്റ്റ് | എസ് ആർ ജി വിദ്യാരംഗം കലാസാഹിത്യ വേദി മലയാളം അധ്യാപകർ | പിടിഎ, സ്റ്റാഫ് |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസിൽ വായനമൂല സജ്ജീകരിക്കൽ സ്കൂൾ ലൈബ്രറി നവീകരിക്കൽ ഓരോ ക്ലാസിലും പത്രങ്ങൾ ലഭ്യമാക്കൽ പത്രവായന മത്സരങ്ങൾ സംഘടിപ്പിക്കൽ പ്രശ്നോത്തരി സമീപപ്രദേശത്തെ ഗ്രന്ഥശാല സന്ദർശിക്കാൻ വായന മുറി സജീവമാക്കൽ | അക്കാദമിക വർഷം | വിദ്യാരംഗം കലാസാഹിത്യ വേദി മലയാളം അധ്യാപകർ | പിടിഎ, സ്റ്റാഫ് |
| 3 | കുട്ടിയെ നല്ല എഴുത്തുകാരനാക്കുക | ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ സജീവമാക്കുക വായനാക്കുറിപ്പ് മത്സരങ്ങൾ സംഘടിപ്പിക്കുക വായനാക്കുറിപ്പിന്റെ പതിപ്പുകൾ തയ്യാറാക്കൽ കയ്യെഴുത്തു മാസിക നിർമ്മിക്കൽ സാഹിത്യകാരന്മാരുമായി സംവദിക്കൽ എഴുത്തുകൂട്ടം രൂപീകരിക്കൽ | അക്കാദമിക വർഷം | എസ് ആർ ജി വിദ്യാരംഗം കലാസാഹിത്യ വേദി മലയാളം അധ്യാപകർ | പിടിഎ, സ്റ്റാഫ് |
| 4 | കലാഭിരുചി വളർത്തൽ | ചിത്രകല ക്യാമ്പ് സംഗീത സല്ലാപം നാടക കൂട്ടം രൂപീകരിക്കൽ നാടകാവതരണം ഷോർട്ട് ഫിലിം നിർമ്മാണം ഫോട്ടോഗ്രഫി മത്സരം കലാകാരന്മാരുമായി അഭിമുഖം വിവിധ കലകളുടെ അവതരണം | അക്കാദമിക വർഷം | എസ് ആർ ജി വിദ്യാരംഗം കലാസാഹിത്യ വേദി മലയാളം അധ്യാപകർ | പിടിഎ, സ്റ്റാഫ് |

| | | |
|---|---|---|
| | | |
| **മേഖല - ഹൈസ്കൂൾ - ഹിന്ദി** | | |
| | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** |
| ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കൽ. | ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ ദൈനംദിന ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഹിന്ദി വാക്യങ്ങൾ ഉൾപ്പെടുത്തുക | ജൂൺ മുതൽ |
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകൽ. | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. എഴുതുവാനും, വായിക്കുവാനും പഠിപ്പിക്കുന്നു. | ജൂൺ, ജൂലൈ |
| വായനയിൽ പ്രാവീണ്യം നേടൽ | ക്ലാസ്സ്റൂം വായന ഹിന്ദി അസ്സംബ്ലി ദിനാചരണങ്ങൾ | എല്ലാ മാസവും |
| ഹിന്ദി ഭാഷയിൽ കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തിയെടുക്കൽ | പോസ്റ്റർ നിർമാണം രചനാ മത്സരങ്ങൾ | ദിനാചരണത്തോടൊപ്പം കലോത്സവത്തോടനുബന്ധി |
| വ്യത്യസ്ത മാധ്യമങ്ങളുടെ സഹായതയോടെ ഹിന്ദി വിഷയത്തോടുള്ള അഭിരുചി വർധിപ്പിക്കൽ | പാഠഭാഗവുമായ് ബന്ധപ്പെട്ട സിനിമാ പ്രദർശനം. പ്രേംചന്ദ് ദിനത്തിൽ പ്രേംചന്ദ് ഡോക്യുമെന്ററി പ്രദർശനം. | ജൂലൈ |

| | | |
|---|---|---|
| ഹിന്ദി ഭാഷയിൽ ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുക | സിനിമ കണ്ട് शस्ति തയ്യാറാക്കൽ.<br>ഹിന്ദി റേഡിയോ അവതരണം.<br>പാഠ ഭാഗ ദൃശ്യാവിഷ്കാരം. | ജൂലൈ<br><br>മാർച്ച് |

# സംസ്കൃതം (HS വിഭാഗം)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സംസ്കൃത ഭാഷയിൽ എഴുതാനും സംസാരിക്കാനും സാമർത്ഥ്യം | പദപരിചയം, വാക്യ പരിശീലനം, ബാലകവിത, സുഭാഷിതങ്ങൾ എന്നിവയുടെ പഠനം | അധ്യയന വർഷം മുഴുവൻ | സംസ്കൃതം അധ്യാപിക | .......... |
| 2 | കഥ കവിത ഉപന്യാസം ശബ്ദകോശം നിർമ്മാണം മാഗസിൻ നിർമ്മാണം | മലയാള വാക്യങ്ങളെ സംസ്കൃതത്തിലേക്ക് തർജ്ജമ ചെയ്യുന്നു | അധ്യയന വർഷം മുഴുവൻ | സംസ്കൃതം അധ്യാപിക | .......... |
| 3 | പുതിയ സാങ്കേതികവിദ്യയുടെ ചിത്രീകരണം സംസ്കൃതം ടൈപ്പിംഗ് | രചന മത്സരങ്ങൾ നടത്തുന്നു . സംഭാഷണ രചന, കഥാരചന കവിതാ, രചന മത്സരങ്ങൾ പ്രശ്നോത്തരി മാഗസിൻ പ്രദർശനം | അധ്യയന വർഷം മുഴുവൻ | സംസ്കൃതം അധ്യാപിക | .......... |
| 4 | കലാരൂപങ്ങൾ മനസ്സിലാക്കാൻ അവതരിപ്പിക്കൽ അഭിനയ സാമർത്ഥ്യം | കലാരൂപങ്ങളുടെ ആൽബ നിർമ്മാണം അഭിനയ സംഭാഷണ ക്ലാസ്സുകൾ അക്ഷരശ്ലോക സദസ്സ് സംസ്കൃത ഭാഷാ ചിത്രീകരണം വീഡിയോ നിർമ്മാണം | അധ്യയന വർഷം മുഴുവൻ | സംസ്കൃതം അധ്യാപിക | .......... |
| 5 | സംസ്കൃത ഗ്രന്ഥ പരിചയം ചരിത്രപരമായ അറിവ് പ്രവർത്തനങ്ങൾ | ലൈബ്രറി പുസ്തക പരിചയം സംസ്കൃത പുസ്തക പ്രദർശനം സ്കോളർഷിപ്പ് പരിശീലനം | അധ്യയന വർഷം മുഴുവൻ | സംസ്കൃതം അധ്യാപിക | .......... |

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക് 2025-26

## ജി. വി. എച്ച്. എസ് എസ് എടയന്നൂർ

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന | | 6 മാസം | | |
| കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക. വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക. നല്ല വായനക്കാരൻ ആവുക. | അറബി ഭാഷയിലുള്ള ലളിതമായ പുസ്തകങ്ങൾ വായിക്കാൻ നൽകിയോ അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ശകലങ്ങൾ പ്രൊജക്റ്റർ വഴി കാണിച്ചു കൊടുത്തോ വായനക്ക് അവസരം നൽകുകയും പ്രശ്നോത്തരി നടത്തി മികച്ച കുട്ടികൾക്ക് സമ്മാനം നൽകുകയും ചെയ്യുക | ജൂൺ - നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | അധ്യാപകൻ |
| എഴുത്ത്<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ഭാഷ ശരിയായ രീതിയിൽ എഴുതുന്നതിന് വേണ്ടി ഈ വിഷയത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുക. | | ലാപ് ടോപ് | പൂർവ്വ വിദ്യാർത്ഥികൾ,അധ്യാപകൻ |
| അറിവിൻ തിളക്കം<br>അറബിയിൽ അറിവ് നേടുക | അലിഫ് ടാലൻറ് ടെസ്റ്റ് മികവ് തെളിയിച്ച കുട്ടികളെ കണ്ടെത്തി തുടർ മത്സരങ്ങൾക്കായി പരിശീലിപ്പിക്കൽ | ജൂലായ് | | |
| ദിനാചരണങ്ങൾ<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | ആഗസ്ത് | പോസ്റ്ററുകൾ | |
| ആസ്വാദനം<br>AI ( Artificial Intelligence)സാധ്യതകൾ വിദ്യാർത്ഥികൾക്ക് ഉപകരിക്കും വിധത്തിൽ ഉപയോഗപ്പെടുത്തൽ | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് 8 9 10 ക്ലാസുകളിലെ അറബിക് പുസ്തകങ്ങളിലെ സംഭാഷണം കവിത പോലുള്ള ഭാഗങ്ങൾ ഒരു ചാപ്റ്റർ എങ്കിലും കുട്ടികൾക്ക് രസകരമാകുന്ന വിധത്തിൽ ചിത്രീകരിക്കൽ | | സി ഡി,കമ്പ്യൂട്ടർ, ടിവി,പ്രൊജക്റ്റർ | അധ്യാപകർ |
| പ്രതിഭകളെ കണ്ടെത്തൽ<br>സബ്ജില്ലാ കലോത്സവത്തിലേക്കുള്ള പ്രതിഭകളെ കണ്ടെത്തൽ | വരാനിരിക്കുന്ന അറബിക്കലോത്സവങ്ങളിൽ സ്കൂളിന് ഉയർന്ന സ്ഥാനം നേടുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി എല്ലാ ഇനങ്ങളിലേക്കും അ നുയോജ്യരായ പ്രതിഭകളെ കണ്ടെത്തി അവർക്ക് ആവശ്യമായ നിരന്തരമായ പരിശീലനം നൽകൽ | സെപ്റ്റംബർ - ഒക്ടോബർ | | പൂർവ്വ വിദ്യാർത്ഥികൾ,അധ്യാപകൻ |
| അറബി ഭാഷാ ദിനാഘോഷം- വ്യത്യസ്ത പരിപാടികൾ | ഡിസംബർ 18 ലോക അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് ക്വിസ് ,അറബിക് എക്സ്പോ, എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കൽ | ഡിസംബർ | | |
| അറബിക് മാഗസിൻ നിർമ്മാണം | ക്ലബ്ബ് പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ മികച്ച രചനകളും ഉൾപ്പെടുത്തി അധ്യയന വർഷത്തിന്റെ അവസാനത്തിൽ മികച്ച കയ്യെഴുത്ത് മാഗസിൻ നിർമ്മിക്കുന്നു..അതിലെ മികച്ച ആർട്ടിക്കിളുകൾ ഉപയോഗിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയാറാക്കുന്നു | ജനുവരി | | അധ്യാപകർ, സ്പോൺസർഷിപ്പ് |

# സാമൂഹ്യശാസ്ത്രം (UP വിഭാഗം)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | 5 6 7 ക്ലാസുകളിലെ പാഠഭാഗങ്ങളിലെ മുഴുവൻ പഠന ലക്ഷ്യങ്ങളും കുട്ടികളിൽ എത്തിക്കൽ | വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ, യൂണിറ്റ് ടെസ്റ്റുകൾ, സെമിനാറുകൾ, ഡിജിറ്റൽ ആൽബം, വീഡിയോ നിർമ്മാണം. ഭക്ഷ്യമേള, പട്ടികപ്പെടുത്തൽ. മാതൃകകൾനിർമ്മിക്കൽ, ഐസിടി സാധ്യതകൾ, അഭിമുഖം | അധ്യയന വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | .......... |
| 2 | വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യങ്ങൾ മനസ്സിലാക്കൽ | ക്വിസ് പ്രസംഗം ചാർട്ട് തയ്യാറാക്കൽ കലാപരിപാടികൾ | ജൂൺ 26 ജൂലൈ 11 ആഗസ്റ്റ് 6,9,15 ഒക്ടോബർ 2,16 നവംബർ1,14,26 ജനുവരി 26 തീയതികളിൽ | എസ്.ആർ ജി, സാമൂഹ്യശാസ്ത്ര അധ്യാപകർ | .......... |
| 3 | ഭൂപടം ഗ്ലോബ് അറ്റ്ലസ് എന്നിവയുടെ ഉപയോഗം മനസ്സിലാക്കുന്നു | ഭൂപട വായന വിവിധ വൻകരകൾ രാജ്യങ്ങൾ സ്ഥാനം മനസ്സിലാക്കൽ അക്ഷാംശരേഖാംശ രേഖകൾ എന്നിവ മനസ്സിലാക്കൽ | സെപ്റ്റംബർ ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | .......... |
| 4 | പത്രവായന പ്രോത്സാഹിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം പത്രക്വിസ് നടത്തൽ | ജൂലൈ മുതൽ ജനുവരി വരെ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5 | ചരിത്ര സ്മാരകങ്ങൾ അറിയൽ നാടിൻറെ ചരിത്രം മനസ്സിലാക്കൽ | ഫീൽഡ് ട്രിപ്പ് | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ ടൂർ ക്ലബ്ബുമായി സഹകരിച്ച് | രക്ഷിതാക്കൾ അധ്യാപകർ |
| 6 | വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കൽ | കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു (ട്രാഫിക് പോലീസ് സൈബർ സുരക്ഷാ ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്താൽ) | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7 | സാമൂഹ്യശാസ്ത്ര മേളക്കു വേണ്ടിയുള്ള തയ്യാറെടുപ്പ് | സാമൂഹ്യശാസ്ത്രമേള സംഘടിപ്പിക്കൽ | ഒക്ടോബർ നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ , സ്റ്റാഫ് | രക്ഷിതാക്കൾ അധ്യാപകർ |
| 8 | യുഎസ്എസ് പരീക്ഷക്ക് വേണ്ടി കുട്ടികളെ ഒരു കുട്ടികളെ ഒരുക്കൽ | പ്രത്യേക പരിശീലന ക്ലാസുകൾ നൽകൽ, മാതൃക പരീക്ഷകൾ സംഘടിപ്പിക്കൽ | സപ്തംബർ മുതൽ ഫെബ്രുവരി വരെ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ഹിന്ദി

| SL NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | പഠന പിന്തുണ ആവശ്യമായ കുട്ടികളെ മുന്നിലേക്ക് എത്തിക്കുക. | ★ പ്രീടെസ്റ്റ് നടത്തി 6,7 ക്ലാസുകളിലെ പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുക.<br><br>★ ക്ലാസ്സിൽ ഗ്രൂപ്പുകളാക്കിത്തിരിച്ച് മികച്ച കുട്ടികളുടെ സഹായം ലഭ്യമാക്കുക.<br><br>★ സചിത്ര വായന കാർഡുകൾ, കൊച്ചുകവിതകൾ ഇവ നൽകി വായനക്ക് അവസരം കണ്ടെത്തുക. | 2025 ജൂൺ മുതൽ സെപ്തംബർ വരെ | ഹിന്ദി അധ്യാപകർ |
| 2. | ആദ്യമായി ഹിന്ദി പഠിക്കുന്ന 5ാം ക്ലാസ്സിലെ കുട്ടികൾക്ക് ഹിന്ദി ഭാഷാ പഠനം ആകർഷകമാക്കുക. | ★ കൊച്ചു കൊച്ചു കവിതകൾ പാടി കുട്ടികൾക്ക് കൂടെ പാടാനും വരികൾ കണ്ട് മനസ്സിലാക്കാനും അവസരം ഒരുക്കുക. (ICT യുടെ സഹായത്തോടെ)<br><br>★ സുരീലി ഹിന്ദി വീഡിയോസ് ഉപയോഗിക്കുക | 2025 ജൂൺ മുതൽ 2026 ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. | കുട്ടികളെ ഹിന്ദി തെറ്റുകൂടാതെ വായിക്കാൻ പ്രാപ്തരാക്കുക. | ★ ക്ലാസ്സിൽ ഓരോ ദിവസവും നിശ്ചിത എണ്ണം കുട്ടികളെ പാഠഭാഗം വായിപ്പിക്കുകയും നന്നായി വായിച്ചവരെ അനുമോദിക്കുകയും പിന്തുണ ആവശ്യമുള്ളവരെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.<br>★ ആവശ്യമെങ്കിൽ ഇമോജി വച്ച് പാഠ ഭാഗം വായിച്ച് വീഡിയോ ആക്കി കുട്ടികൾക്ക് അയച്ചുകൊടുക്കുക. | 2025 ജൂൺ മുതൽ 2026 ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 4. | തെറ്റുകൂടാതെ ഹിന്ദി ഭാഷ എഴുതാനും വായിക്കാനും ആശയവിനിമയം നടത്താനുള്ള കഴിവ് ആർജ്ജിക്കുക. | ★ വായന മത്സരം , പ്രസംഗ മത്സരം,ഇവ സംഘടിപ്പിക്കുക.<br>★ ഹിന്ദി അസംബ്ലി നടത്തുക.<br>★ ഒരു ദിവസം ഒരു കുട്ടി ഒരു വാക്ക് അതിൻ്റെ അർത്ഥം ഇവ A4 Sheet ൽ എഴുതി കലണ്ടർ രൂപത്തിൽ Class ൽ ഒട്ടിക്കുകയും എല്ലാവരും അത് പഠിക്കുകയും ചെയ്യുക.<br>★ 10 വാക്കുകൾ പഠിച്ചു കഴിഞ്ഞാൽ dictation നടത്തുകയും ചെയ്യുക. | 2025 ജൂൺ മുതൽ 2026 ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |

# ജി.വി.എച്ച്.എസ്.എസ് എടയന്നൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ക്ലാസ് 1

ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

🌸 അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
🌸 ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
🌸 താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
🌸 കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
🌸 വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
🌸 രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
🌸 പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
🌸 ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
🌸 അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

🌸 റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
🌸 ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
🌸 സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
🌸 പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
🌸 ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
🌸 എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
🌸 രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
🌸 ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
🌸 ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
🌸 സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
🌸 ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
🌸 അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
🌸 വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
🌸 കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

🌸 വായനോത്സവം സംഘടിപ്പിക്കുന്നു.
🌸 ആസ്വാദ്യകരമായ വായന നടത്തുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
🌸 രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

🌸 ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
🌸 കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
🌸 ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

## നവംബർ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
🌸 കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
🌸 വായനോത്സവം തുടങ്ങുന്നു
🌸 രചനോത്സവം തുടങ്ങുന്നു
🌸 പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
🌸 താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
🌸 ചിത്ര വായന നടത്തുന്നു.
🌸 ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
🌸 ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
🌸 നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
🌸 ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
🌸 ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

പ്രവർത്തനങ്ങൾ

🌸 ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
🌸 രചന ശേഷി പരിപോഷിപ്പിക്കൽ.
🌸 ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
🌸 രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
🌸 ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
🌸 കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
🌸 സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
🌸 പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
🌸 സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

പ്രവർത്തനങ്ങൾ

🌸 കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
🌸 തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
🌸 കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
🌸സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
🌸 കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
🌸 ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
🌸 കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

🌸 ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
🌸 കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
🌸ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
🌸 സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

🌸 കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
🌸വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
🌸 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

🌸 കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
🌸 കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർടുകളായി മാറ്റിയിട്ടുണ്ട്.
🌸 രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
🌸 കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
🌸 സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
🌸 സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
🌸 സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
🌸 ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
🌸 എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- 🌸 Respond to simple instructions in the classroom.
- 🌸 Describe orally about the pictures and objects.
- 🌸 Familiarise with simple words.
- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Familiarise the names of birds, animals, their young ones and identifies them from pictures.

June

- 🌸 Introduce symbol words.
- 🌸 Provides picture cards.

July

- 🌸 Identify familiar words.
- 🌸 Say familiar words.
- 🌸 Read familiar words.
- 🌸 Write familiar words.

August

- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Describes orally about pictures and objects using adjectives.

September

- 🌸 Read and write simple words and Simple sentences
- 🌸 Provides picture cards and reading cards.

October

- 🌸 Introduce symbol picture descriptions.
- 🌸 Make word chain, sentence chain.
- 🌸 Make riddles.
- 🌸 Describing words, rhyming words.
- 🌸 Text book activities.

November

- 🌸 Prepare reading cards.
- 🌸 Provide more opportunities to read, right and speak English.
- 🌸 Writes five English words daily.

December

- 🌸 Read and understand simple instructions in the classroom.
- 🌸 Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a  week.

March

- Speaks English fluently.
- Read and write  simple sentences
- Picture reading and picture description.

# ജി.വി.എച്ച്.എസ്.എസ്. എടയന്നൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ **(**ഇംഗ്ലീഷ് ഭാഷാ പഠനം**)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ-നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ-പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

**5.** അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |